# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:0487 2371931)

## പാലക്കാട്

**E mail: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 01/16, വെള്ളിയാഴ്ച്ച** **തീയ്യതി 01.01.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.01.2016 | 03.01.2016 | 04.01.2016 | 05.01.2016 | 06.01.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 3 | 3 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 35 | 35 | 35 | 35 | 35 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 90 | 90 | 90 | 90 | 90 |

**വിളകളുടെ സ്ഥിതി:**

മുണ്ടകൻ നെൽകൃഷി കൊയ്ത്തു പരുവത്തിലാണ്. വാഴയിൽ വിളവെടുപ്പ് തുടരുന്നു. പുതിയ വാഴകൾ നട്ട് ഒന്നു രണ്ടു മാസമാകുന്നു. ഇഞ്ചി, മഞ്ഞൾ എന്നിവയിൽ വിളവെടുപ്പിന് സമയമായി. പച്ചക്കറികൾ നടാൻ അനുയോജ്യ സമയമാണ്.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ചെമ്പൻ ചെല്ലി | കള്ള്, പൈനാപ്പിൾ എന്നിവ യീസ്ററ് ചേർത്ത് പുളിപ്പിച്ച് തെങ്ങിൻ തോപ്പിൽ വച്ച് ചെമ്പൻ ചെല്ലിയെ ആകർഷിക്കാം. ഇതിൽ ഏതെങ്കിലും കീടനാശിനി ചേർത്ത് തോട്ടത്തിൽ പല ഭാഗങ്ങളിൽ വച്ചാൽ ഇതിലേയ്ക്ക് ആകർഷിക്കപ്പെടുന്ന കീടങ്ങൾ ചത്തു വീഴും. |
| വാഴ | സിഗാടോക്കരോഗം | വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്യുക. ഇലകളിൽ രോഗലക്ഷണം കണ്ടാലുടൻ 10 മുതൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, സാഫ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |